KSEB

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
CIN:U40100KL2011SGC027424
രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം ,
തിരുവനന്തപുരം -695004 , കേരളം.
ഫോൺ : +91471 2514472 2514527 2514455 2514608
വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com

നം. പി.എസ്.1(എ)/3235/2013 തീയതി: 22/01/2021

# പരിപത്രം

വിഷയം:- സമ്മതിദായകരുടെ ദേശീയ ദിനം - കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ഓഫീസുകളിൽ പ്രതിജ്ഞയെടുക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നു.

സൂചന:- കേരള സർക്കാർ പൊതുഭരണ (ഏകോപനം) വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ നമ്പർ.സി.ഡി.എൻ.4/7/2021/പൊ.ഭ.വ തീയതി 20.01.2021.

ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകൃതമായത് 1950 ജനുവരി 25-നാണ്. പ്രസ്തുത ദിനം എല്ലാ വർഷവും രാജ്യമെമ്പാടും സമ്മതിദായകരുടെ ദേശീയദിനമായി ആചരിച്ചുവരുന്നു. സമ്മതിദായകരുടെ ദേശീയ ദിനാചരണത്തോടനുബന്ധിച്ച്, ജനാധിപത്യത്തിന്റെ ആശയം വ്യാപിപ്പിക്കുന്നതിനും സമ്മതിദാനാവകാശത്തിന്റെ വിനിയോഗം പ്രോത്സാഹിപ്പിക്കുന്നതിനുമായി പ്രസ്തുത ദിനത്തിൽ സർക്കാർ ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രതിജ്ഞാ ചടങ്ങ് സംഘടിപ്പിക്കേണ്ടതാണെന്ന് കേന്ദ്രതെരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. എല്ലാ പൊതുമേഖലാ / സ്വയംഭരണ സ്ഥാപനങ്ങളുടെ മേധാവികളും, അവരവരുടെ ഓഫീസുകളിലും അതാത് വകുപ്പുകളുടെ ഭരണ നിയന്ത്രണത്തിലുള്ള ഓഫീസുകളിലും 2021 ജനുവരി 25 – ന് (തിങ്കളാഴ്ച) രാവിലെ 11.00 മണിക്ക് പ്രതിജ്ഞ എടുക്കുന്നതിന് മേൽ സൂചിത സർക്കാർ പരിപത്രത്തിൽ നിഷ്കർഷിച്ചിരിക്കുന്നു. സമ്മതിദായകരുടെ ദേശീയ ദിനാചരണത്തോടനുബന്ധിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

(1) 2021 ജനുവരി 25 തിങ്കളാഴ്ച രാവിലെ 11.00 മണിക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളിലും സമ്മതിദായകരുടെ ദേശീയ ദിനാചരണത്തിന്റെ ഭാഗമായി പ്രതിജ്ഞയെടുക്കേണ്ടതാണ്. (പ്രതിജ്ഞയുടെ പൂർണ്ണരൂപം ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു).

(2) കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ആസ്ഥാന ഓഫീസായ തിരുവനന്തപുരം വൈദ്യുതിഭവനിൽ സമ്മതിദായകരുടെ ദേശീയ ദിനാചരണത്തോടനുബന്ധിച്ച്, കെ.എസ്.ഇ.ബി ലിമിറ്റഡ് ഡയറക്ടർ (പ്ലാംനിംഗ് & സേഫ്റ്റി) ശ്രീമതി. മിനി ജോർജ്ജ് രാവിലെ 11 മണിക്ക് പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നതായിരിക്കും. ഇതിനോടനുബന്ധിച്ചുള്ള ക്രമീകരണങ്ങൾ സിവിൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സജ്ജമാക്കേണ്ടതാണ്.

(3) വകുപ്പ് / ഓഫീസ് മേധാവികൾ മേൽ നിർദ്ദേശങ്ങൾ എല്ലാ ജീവനക്കാരുടേയും ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

**ഒപ്പ്**

**സെക്രട്ടറി (ഭരണം)**

പകർപ്പ് :

എല്ലാ ചീഫ് എഞ്ചിനീയർമാരും / എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരും
എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ മാരും /എല്ലാ അക്കൗണ്ട് റെൻഡറിംഗ് യൂണിറ്റികൾക്കും.
ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
പി. എ ടു ഡയറക്ടർ (ഫിനാൻസ്)
ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.റ്റി & എച്ച്. ആർ.എം)
ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ,)
ടി. എ ടു ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി)
ടി. എ ടു ഡയറക്ടർ {ജനറേഷൻ (ഇലക്ട്രിക്കൽ) & എസ്.സി.എം}
ടി. എ ടു ഡയറക്ടർ {ജനറേഷൻ (സിവിൽ)}
കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ് /സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ
ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ
ചീഫ് വിജിലൻസ് ഓഫീസർ / ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഐ.റ്റി)
ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
22/1/2021
സീനിയർ സൂപ്രണ്ട്

# സമ്മതിദായകരുടെ പ്രതിജ്ഞ

ജനാധിപത്യത്തിൽ അടിയുറച്ച് വിശ്വസിക്കുന്ന ഇൻഡ്യൻ പൗരൻമാരായ ഞങ്ങൾ, രാജ്യത്തിന്റെ ജനാധിപത്യ പാരമ്പര്യവും, സ്വതന്ത്രവും നീതിയുക്തവും സമാധാനപൂർണ്ണവുമായ തെരഞ്ഞെടുപ്പിന്റെ അന്തസ്സ് കാത്തു സൂക്ഷിക്കുമെന്നും, ജാതി, മതം, ഭാഷ തുടങ്ങിയ പരിഗണനകൾക്കോ മറ്റേതെങ്കിലും പ്രലോഭനങ്ങൾക്കോ വശംവദരാകാതെ എല്ലാ തെരഞ്ഞെടുപ്പുകളിലും സധൈര്യം വോട്ടു ചെയ്യുമെന്നും ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.